# ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാന്റെ ഉത്തരവ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – തിരുവനന്തപുരം – ഡീലിമിറ്റേഷൻ കമ്മീഷൻ 2025 ന്റെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നം:ബി2/119/2024/സം.തി.ക** തീയതി, തിരുവനന്തപുരം, 23.07.2024

---

പരാമർശം : സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 36/2024/ത.സ്വ.ഭ.വ തീയതി 14.06.2024.

## ഉത്തരവ്

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2025–ൽ നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡല/വാർഡുകളുടെ വിഭജനത്തിനും അതിർത്തി നിർണ്ണയത്തിനുമായി കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ.എ.ഷാജഹാൻ ചെയർമാനായും, ഇൻഫർമേഷൻ ടെക്നോളജി, പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, പൊതുമരാമത്ത്, വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി ശ്രീ.കെ ബിജു, വിവര പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറി, ഡയറക്ടർ ഇൻഡസ്ട്രീസ് & കൊമേഴ്സ് ശ്രീ.എസ് ഹരികിഷോർ, തൊഴിൽ നൈപുണ്യം, ഗതാഗത വകുപ്പ് സെക്രട്ടറി ഡോ.കെ.വാസുകി എന്നിവർ അംഗങ്ങളായും, മേൽ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം, ഒരു ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകൃതമായിട്ടുണ്ട്.

പ്രസ്തുത ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ശ്രീ.ജയിംസ് പി.ജെ, ജോയിന്റ് സെക്രട്ടറി (പഞ്ചായത്ത് ), ശ്രീ.കെ.എം അയ്യപ്പൻ, പബ്ലിക്ക് റിലേഷൻസ് ഓഫീസർ എന്നിവരെ നോഡൽ ഓഫീസർമാരായും, ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി ശ്രീ.ഷാജഹാൻ.എം, കൺസൾട്ടന്റ്, ശ്രീ.ആമോദ് രാജ് എസ്, അസിസ്റ്റന്റ്, ശ്രീ.പ്രിൻസ് ജോസഫ് തട്ടിൽ, അസിസ്റ്റന്റ് എന്നിവരെയും നിയോഗിച്ചുകൊണ്ട് 2005 -ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള (ഡീലിമിറ്റേഷൻ കമ്മീഷൻ) ചട്ടങ്ങളിലെ 5–ാം ചട്ടം പ്രകാരം ഉത്തരവാകുന്നു.

**എ.ഷാജഹാൻ**
**ചെയർമാൻ, ഡീലിമിറ്റേഷൻ കമ്മീഷൻ &**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സെക്രട്ടറി, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇ.എം വകുപ്പ് ), സെക്രട്ടറിയേറ്റ്
സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
ശ്രീ.ജയിംസ് പി.ജെ, ജോയിന്റ് സെക്രട്ടറി (പഞ്ചായത്ത് )
ശ്രീ.കെ.എം അയ്യപ്പൻ, പബ്ലിക്ക് റിലേഷൻസ് ഓഫീസർ
ശ്രീ.ഷാജഹാൻ.എം, കൺസൾട്ടന്റ്
ശ്രീ.ആമോദ് രാജ് എസ്, അസിസ്റ്റന്റ്,
ശ്രീ.പ്രിൻസ് ജോസഫ് തട്ടിൽ, അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : എല്ലാ നോഡൽ ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ